# GOVERNMENT OF KERALA

**Abstract**

Electronics & Information Technology Department - Extending exemptions / concessions for the speedy implementation and economical operation of Kerala Fibre Optic Network (K-FON) project at par with Bharat Net 2- Sanction accorded - Orders issued.

## ELECTRONICS & INFORMATION TECHNOLOGY (B)DEPARTMENT

G.O.(Ms)No.7/2022/ITD Dated,Thiruvananthapuram, 19-03-2022

Read 1. GO(Ms)No.21/2012/ITD dated 20.10.2012

2. GO(Ms)No.10/2018/ITD dated 10.05.2018

3. GO(Ms)No.27/2019/ITD dated 11.11.2019

**ORDER**

Government have accorded Administrative Sanction for the implementation of Kerala Fibre Optic Network (K-FON) project which aims to provide high speed internet connectivity to around 30,000 Government offices / educational institutions and internet facilities to about 20 Lakh economically backward families in the State.

2. A Joint Venture Company (Special Purpose Vehicle) named 'KFON Limited' was f456-+ormed as per GO 2nd cited for the implementation of the project in the share holding between Kerala State IT Infrastructure Limited (KSITIL), Kerala State Electricity Board Limited (KSEBL) and Government of Kerala.

3. For the implementation of the KFON project, it is necessary to lay cables and/or install such other equipment crossing certain bridges/roads/ major roads/forests/railway lines falling in the ownership of LSGIs/PWD/KSTP/NHAI/ PWD(NH)/Forest and Wildlife Department/ Railways in certain areas requiring approval for Right of Way (RoW) from the authorities concerned. For obtaining RoW clearances, KFON Ltd has to seek permission from various field level offices of Departments/Organisations and has to pay requisite RoW charges to

the respective authorities in the form of annual rentals, track rentals, etc. Further, restoration charges/reinstatement charges and security deposits for getting RoW permission have to be remitted to various authorities under Central and State Governments.

4. Central Government had launched National Optical Fibre Network (NOFN) project for providing broadband connectivity to Grama Panchayats across the country. NOFN project was later expanded across India as Bharatnet project. M/s Bharat Broadband Network Limited (BBNL) under Ministry of Telecommunications in Government of India is the Special Purpose Vehicle (SPV) for the project. A Tripartite Memorandum of Understanding (MoU) was executed by Department of Telecommunications (DoT), State Government and BBNL for the implementation of the NOFN (Bharatnet) project in the State as per GO read as $1^{st}$ paper above and various permissions and exemptions were granted b y Government of Kerala to BBNL. A lifetime exemption from seeking approval for Right of Way has been extended for the implementation of the BharatNet project in the State.

5. KFON being a State owned initiative and considering its beneficial impact over the economically weaker sections of the society, the exemptions and concessions granted to Bharatnet project needs to be extended to KFON project also.

6. Government have examined the matter in detail and are pleased to grant the following exemptions / concessions for the speedy implementation and economical operation of the KFON project : -

a) Exemption from the requirement of seeking any RoW permission from Departments and their field level offices/ LSGIs/PSUs/ other institutions under the State Government subject to the condition that prior intimation is to be given by KFON Limited /KSITIL to the authorities concerned.

b) Exemption from all RoW charges levied by Departments and their field level offices/LSGIs/PSUs/other institutions under the State Government.

c) Exemption from paying annual charges, track rentals, pole rentals or any other charges including restoration / reinstatement charges to the Departments and their field level offices/LSGIs/PSUs/other institutions under

the State Government, as part of setting up of infrastructure.

d) Exemption from submitting any Security Deposit/ Bank Guarantee/ Performance Bank Guarantee to Departments and their field level offices/ LSGIs/ PSUs/other institutions under the State Government.

7. KFON Limited / KSITIL shall undertake directly or through any qualified agency the work of reinstatement of roads / other infrastructure to its previous condition at its own cost and responsibility.

(By order of the Governor)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

To:

The Additional Chief Secretary, Finance Department
The Additional Chief Secretary, Local Self Government Department
The Principal Secretary, Public Works Department
The Principal Secretary, Forest & Wildlife Department
The Principal Secretary, Power Department
The Chairman & Managing Director, KSEB Limited
The Managing Director, Kerala State IT Infrastructure Limited
The Director, Kerala State IT Mission, Thiruvananthapuram
All District Collectors
All District Development Commissioners (through District Collectors)
The Director of Panchayats
The Director of Urban Affairs
M/s.Bharat Electronics Limited (Through the MD, KSITIL)
The Chief Engineer, PWD(Roads & Bridges)
The Chief Engineer, LSGD
The Principal Accountant General (G&SSA) Kerala, Thiruvananthapuram
The Principal Accountant General (A&E) Kerala, Thiruvananthapuram
Power Department
Finance Department
Public Works Department
Local Self Government Department
The General Administration (SC) Department ( *vide* Council decision of Item No.609 dated 16.03.2022)

The Information Officer (W&NM), I&PRD
Stock File

Forwarded /By order
Signed by Manesh Mohan
Date: 21-03-2022 10:52:02

Section Officer

Copy to :

The Private Secretary to Hon'ble Chief Minister
The Special Secretary to Chief Secretary
The PS to Additional Chief Secretary(E&IT Department)
The CA to Additional Secretary(E&IT Department)
The CA to Deputy Secretary (E&IT Department)

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 16-03-2022

ഫയൽ നം. ഐ.ടി.-ബി1/54/2017/വി.സ.വ. (പാർട്ട്-3). ഇനം നം: 609

വിഷയം : ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - കെ-ഫോൺ പദ്ധതിക്ക് വിവിധ ആനുകൂല്യങ്ങളും ഇളവുകളും നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം 1(a). ആവശ്യമായ മുൻകൂർ അറിയിപ്പ് നൽകേണ്ടതാണെന്ന നിബന്ധനയോടുകൂടി അംഗീകരിച്ചു.

1(b), 1(c), 1(d) - അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്

**GOVERNMENT OF KERALA**

**(SHRI. PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File Number | : | IT- B1/54 /2017/ITD.(Part -3) |
| 2 | Department | : | Electronics & Information Technology (B) Dept. |
| 3 | Subject | : | K-FON Project – Granting of concession and exemptions for the project - reg. |
| 4 | Date of Chief Minister's order for placing before the Council | : | 31.01.2022 |
| 5(i) | Does the case involve financial commitments/implications | : | Yes |
| (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Shri. Rajesh Kumar.M |
| 8.. | Name of Principal Secretary who approved the Draft Note | : | Shri. Bishwanath Sinha |
| 9. | Date of Approval of the Draft Note for the Council by the Secretary. | : | 14.02.2022 |
| 10. | Name of Chief Secretary who approved the Draft Note. | : | Dr. V.P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 15.02.2022 |
| 12. | Name of Minister who approved the Draft Note | : | Shri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister. | : | 11.03.2022 |
| 14. | Date of submission of fair copies | : | 14.03.2022 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and Date of the G.O./ letter communicating the decision. | : | |

# Note for Council of Ministers

This note seeks approval for granting various exemptions / concessions for the speedy implementation and economical operation of Kerala Fibre Optic Network (K-FON) project.

2) The Kerala Fibre Optic Network (K-FON) project, envisages to provide hassle free internet access to around 30,000 Government offices and educational institutions alongwith free and high speed internet connectivity to about 20 Lakh economically backward families all over the State. For others, internet services will be provided at a lower rate.

3) Government had accorded Administrative Sanction for Rs. 1548.08 Crores plus applicable taxes for the implementation of KFON project. A Joint Venture Company (Special Purpose Vehicle) named 'KFON Limited' was formed for the implementation of the project with shareholding between Kerala State IT Infrastructure Limited, Kerala State Electricity Board Limited and Government of Kerala. Consortium of M/s Bharat Electronics Limited (M/s BEL) has been selected as the executing agency and the System Integrator of the project.

4) For the implementation of the KFON project, it is necessary to lay cables or such other equipments crossing certain bridges/ roads/major roads/forests/railway lines under the purview of PWD/KSTP/NHAI/PWD(NH)/Forest and Wildlife Department/ Railways in certain areas. This would need specific RoW permission

from the authorities concerned. A major hurdle to achieve the timelines of the KFON project is the RoW clearances. For obtaining RoW clearances, KFON Limited has to seek permission from various field level offices of Departments/ organisations and has to pay requisite RoW charges to the respective authorities. KFON Limited has to pay Right of Way charges in the form of annual rentals, track rentals, etc. Further, restoration charges/reinstatement charges and security deposits for getting RoW permission have to be remitted to various authorities under Central and State Governments.

5) As per the extant guidelines for granting Right of Way permissions, all Telecom Service Providers and Infrastructure Providers shall have to remit an amount of Rupees 75,000/- per kilometre as One Time Contribution to Government. Considering the significance of KFON project, State Government have already waived off the remittance of One Time Contribution (OTC) for the project.

6) Central Government had launched National Optical Fibre Network (NOFN) project for providing broadband connectivity to Grama Panchayats across the country. The project is envisaged as a Centre-State joint effort. NOFN project was later expanded across India as the Bharatnet project. M/s Bharat Broadband Network Limited (BBNL) under Ministry of Telecommunications in Government of India has been created as the Special Purpose Vehicle (SPV) for the project.

7) A Tripartite Agreement had been executed by Department of Telecommunications (DoT), State Government and BBNL for the

implementation of the NOFN (Bharatnet) project in the State. As per the agreement, various permissions and exemptions were granted by Government of Kerala to BBNL as shown below:

a) Right of Way permission was granted to M/s BBNL for enabling them to lay OFCs in the State without levying any charge by the State Government/local bodies.

b)Electricity Boards / companies had to give RoW permission on their transmission lines/sub-transmission lines/ distribution lines free of cost to BBNL for installation of OPGW/ADSS cable for extending connectivity to Grama Panchayaths.

c) A blanket approval from the State Government was given to BBNL authorizing it for laying OFC without further need of RoW permission under the State agencies in the State for the NOFN project (BharatNet project) during installation as well as operation and maintenance phase.

d) All the State Government agencies like PWD/Forest & Wildlife Department/Irrigation/LSGIs/Electricity Boards, etc are to be abide by this blanket approval.

As such a lifetime exemption from Right of Way had been extended by State Government to BBNL for the implementation of the BharatNet project.

8) KFON being a State owned initiative and considering its beneficial impact over the economically weaker sections of the society, the exemptions and concessions granted to Bharatnet project shall also be extended to KFON project.

9) In the circumstances, exemptions of similar nature granted to BBNL as mentioned above may also be extended to KFON project.

10) When file was forwarded to Finance Department, that Department remarked as follows:

*" We have no objection to the proposal."*

11) When file was circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

**<u>Point for decision</u>**

1) Whether the following exemptions / concessions may be given for the speedy implementation and economical operation of the KFON project ?

a) Exemption from the requirement of seeking any RoW permission from Departments and their field level offices / LSGIs/PSUs/other Institutions under the State Government.

b) Exemption from all RoW charges levied by Departments and their field level offices/LSGIs/PSUs/other Institutions under the State Government.

c) Exemption from paying annual charges, track rentals, pole rentals or any other charges including restoration/ reinstatement charges as part of setting up of infrastructure.

d)Exemption from submitting any Security Deposit/ Bank Guarantee/ Performance Bank Guarantee to Departments and their field level offices/LSGIs/PSUs/other Institutions under the State Government.

604

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഐ.ടി.-ബി 1/54/2017/വി.സ.വ (പാർട്ട്-3) |
| 2 | വകുപ്പ് | : | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ് |
| 3 | വിഷയം | : | കെ-ഫോൺ പദ്ധതിക്ക് വിവിധ ആനുകൂല്യങ്ങളും ഇളവുകളും നൽകുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31.01.2022 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. രാജേഷ് കുമാർ.എം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.02.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.02.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11.03.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.03.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് പദ്ധതിയുടെ വേഗത്തിലും ചെലവ് ചുരുക്കിയുമുള്ള നിർവ്വഹണത്തിനുതകും വിധം വിവിധ തരത്തിലുള്ള ഇളവുകളും ആനുകൂല്യങ്ങളും നല്കുന്നതിനുള്ള അംഗീകാരം തേടുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിന് പുറമെ 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് (കെ-ഫോൺ).

3) കെ-ഫോൺ പദ്ധതി നടത്തിപ്പിനായി 1548.08 കോടി രൂപയ്ക്ക് (നികുതികൾ പുറമെ) ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെയും, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടുകൂടി ' കെ-ഫോൺ ലിമിറ്റഡ് ' എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ), രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും സിസ്റ്റം ഇന്റഗ്രേറ്ററുമായി (System Integrator) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ

(M/s BEL) കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുമുണ്ട്.

4) കെ-ഫോൺ പദ്ധതിയുടെ നിർവ്വഹണത്തിനായി ചില സ്ഥലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് (PWD)/ കെ.എസ്.റ്റി.പി (KSTP)/ എൻ.എച്ച്.എ.ഐ (NHAI)/ പൊതുമരാമത്ത് (എൻ.എച്ച്) / വനവും വന്യജീവിയും വകുപ്പ് / റെയിൽവേ എന്നീ വകുപ്പുകളുടെ അധികാര പരിധിൽ വരുന്ന ചില പാലങ്ങൾ/ റോഡുകൾ/ മേജർ റോഡുകൾ/ വനം/ റെയിൽവേ ലൈനുകൾ എന്നിവയ്ക്ക് കുറുകെ കേബിളുകളും അതുപോലെയുള്ള മറ്റു ഉപകരണങ്ങളും വലിക്കേണ്ടി വരുന്നു. ഇതിനായി ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള നിശ്ചിത റൈറ്റ് ഓഫ് വേ (RoW) അനുമതി തേടേണ്ടതുണ്ട്. റൈറ്റ് ഓഫ് വേ (RoW) അനുമതികൾ യഥാസമയം ലഭ്യമാകാത്തത് കെ-ഫോൺ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സം സൃഷ്ടിക്കുന്നു. റൈറ്റ് ഓഫ് വേ (RoW) അനുമതികൾക്കായി കെ-ഫോൺ ലിമിറ്റഡിന് വിവിധ വകുപ്പുകളുടെ താഴെ തട്ടിലുള്ള ഓഫീസുകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ അംഗീകാരം തേടേണ്ടതായും, നിശ്ചിത റൈറ്റ് ഓഫ് വേ ചാർജ്ജുകൾ നൽകേണ്ടതായും വരുന്നു. വാർഷിക വാടക, തറ വാടക (Track Rental) ഇനത്തിൽ, കെ-ഫോൺ ലിമിറ്റഡ് റൈറ്റ് ഓഫ് വേ (RoW) ചാർജ്ജുകൾ അടയ്ക്കേണ്ടതായി വരുന്നു. കൂടാതെ, റൈറ്റ് ഓഫ് വേ അനുമതിയ്ക്കായി റെസ്റ്ററേഷൻ ചാർജ്ജുകൾ (Restoration Charges) / റീയിൻസ്റ്റേറ്റ്മെന്റ് ചാർജ്ജുകൾ (Reinstatement Charges) സെക്യൂരിറ്റി ഡെപ്പോസിറ്റ് (Security Deposit) എന്നിവ കേന്ദ്ര-സംസ്ഥാന

സർക്കാരുകളുടെ കീഴിലുള്ള വിവിധ അധികാരികളിൽ ഒടുക്കേണ്ടതുണ്ട്.

5) നിലവിലുള്ള മാനദണ്ഡപ്രകാരം റൈറ്റ് ഓഫ് വേ ലഭിക്കുന്നതിനായി എല്ലാ ടെലികോം സേവനദാതാക്കളും ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സും കിലോമീറ്ററിന് 75,000/- രൂപാ നിരക്കിൽ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) തുക സർക്കാരിൽ അടയ്ക്കേണ്ടതാണ്. കെ-ഫോൺ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത വൺ ടൈം കോൺട്രിബ്യൂഷൻ തുക അടയ്ക്കുന്നതിൽ നിന്നും കെ-ഫോൺ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഒഴിവാക്കിയിട്ടുണ്ട്.

6) രാജ്യത്താകമാനമുള്ള ഗ്രാമ പഞ്ചായത്തുകളിൽ ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്നതിനായി കേന്ദ്ര സർക്കാർ നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കൂട്ടായ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കുന്നത്. NOFN പദ്ധതി പിന്നീട് ഇന്ത്യയിൽ 'ഭാരത് നെറ്റ് പദ്ധതി' (Bharatnet project) എന്ന പേരിൽ വികസിപ്പിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിന് കീഴിലുള്ള ഭാരത് ബ്രോഡ്ബാന്റ് നെറ്റ് വർക്ക് ലിമിറ്റഡിനെയാണ് (BBNL) പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയോഗിച്ചിട്ടുള്ളത്.

7) NOFN (ഭാരത് നെറ്റ്) പദ്ധതിയുടെ നടത്തിപ്പിനായി ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പും, സംസ്ഥാന സർക്കാരും, BBNL ഉം ചേർന്നു ഒരു ത്രികക്ഷി കരാർ ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം ചുവടെ കാണുന്നവിധത്തിലുള്ള അനുമതികളും, ഇളവുകളും സംസ്ഥാന സർക്കാർ BBNL ന് നൽകിയിട്ടുണ്ട്.

a) യാതൊരുവിധ തുകയും ഈടാക്കാതെ തന്നെ BBNL-ന് സംസ്ഥാനത്തുടനീളം ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഇടുന്നതിന് സംസ്ഥാന സർക്കാർ/ തദ്ദേശസ്ഥാപനങ്ങൾ റൈറ്റ് ഓഫ് വേ അനുമതി നൽകിയിട്ടുണ്ട്.

b) ഗ്രാമപഞ്ചായത്തുകൾക്ക് കണക്റ്റിവിറ്റി നൽകുന്നതിനായി OPGW/ ADSS കേബിളുകൾ, തങ്ങളുടെ ട്രാൻസ്മിഷൻ/ സബ്-ട്രാൻസ്മിഷൻ/ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ വഴി വലിക്കുന്നതിനായി വൈദ്യുത ബോർഡുകൾ / കമ്പനികൾ BBNL-ന് റൈറ്റ് ഓഫ് വേ അനുമതി സൗജന്യമായി നൽകിയിട്ടുണ്ട്.

c) NOFN (ഭാരത്നെറ്റ്) പദ്ധതിയുടെ സ്ഥാപന-നിർവ്വഹണ-പരിപാലന ഘട്ടങ്ങളുടെ ഭാഗമായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഇടുന്നതിന് സംസ്ഥാനത്തെ വിവിധ ഏജൻസികളിൽ നിന്ന് പ്രത്യേകമായി റൈറ്റ് ഓഫ് വേ അനുമതി തേടാതെ തന്നെ BBNL-ന് പൊതുവായ അനുമതി (Blanket approval) സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

d) പ്രസ്തുത പൊതു അനുമതി (Blanket approval), നല്കുവാൻ സംസ്ഥാനത്തെ പൊതുമരാമത്ത്/ വനം വന്യജീവി വകുപ്പ്/ ജലസേചനം/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്.

അപ്രകാരം ഭാരത്നെറ്റ് പദ്ധതിയുടെ നിർവ്വഹണത്തിനാവശ്യമായ റൈറ്റ് ഓഫ് വേ അനുമതികൾ ആജീവനാന്തം BBNL ന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

8) കെ-ഫോൺ ഒരു സംസ്ഥാന സർക്കാർ സംരംഭം ആയതിനാലും

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ ചെലുത്തുന്ന ഗുണപ്രദമായ സ്വാധീനത്തെയും കണക്കിലെടുത്ത് ഭാരത് നെറ്റ് പദ്ധതിയ്ക്ക് നൽകിയ ഇളവുകളും ആനുകൂല്യങ്ങളും കെ-ഫോൺ പദ്ധതിയ്ക്ക് കൂടി നൽകാവുന്നതാണ്.

9) ആയതിനാൽ മേൽപരാമർശിച്ച പ്രകാരം ബി.ബി.എൻ.എൽ-ന് (BBNL) നൽകിയതിന് സമാനമായ ഇളവുകൾ കെ-ഫോൺ പദ്ധതിയ്ക്ക് കൂടി നൽകാവുന്നതാണ്.

10) ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ ആ വകുപ്പ് താഴെ കാണും വിധം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*" We have no objection to the proposal."*

11) ബഹു: മുഖ്യമന്ത്രിയ്ക്ക് ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ഉത്തരവായിട്ടുണ്ട്.

## **തീരുമാനിക്കേണ്ട വിഷയം**

1) കെ-ഫോൺ പദ്ധതിയുടെ വേഗത്തിലും ചെലവ് ചുരുക്കിയുമുള്ള നിർവ്വഹണത്തിനായി ചുവടെ ചേർത്തിരിക്കുന്ന ഇളവുകളും ആനുകൂല്യങ്ങളും നൽകാമോ ?

a) സംസ്ഥാന സർക്കാരിനു കീഴിലുള്ള വകുപ്പുകൾ, അവയുടെ താഴെ തട്ടിലുള്ള ഓഫീസുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും റൈറ്റ് ഓഫ് വേ (RoW) അനുമതി തേടുന്നതിൽ നിന്നുള്ള ഒഴിവാക്കൽ.

b) സംസ്ഥാന സർക്കാരിനു കീഴിലുള്ള വകുപ്പുകൾ, അവയുടെ താഴെ

തട്ടിലുള്ള ഓഫീസുകൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവ ഈടാക്കുന്ന റൈറ്റ് ഓഫ് വേ (RoW) ചാർജ്ജുകൾ ഒടുക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ.

c) ഇൻഫ്രാസ്ട്രക്ചർ സജ്ജീകരിക്കുന്നതിനായി ഈടാക്കുന്ന വാർഷിക നിരക്കുകൾ, തറ വാടക (Track Rentals), പോൾ റെന്റൽസ് (Pole rentals), റെസ്റ്ററേഷൻ ചാർജ്ജുകൾ (Restoration Charges) / റീയിൻസ്റ്റേറ്റ്മെന്റ് ചാർജ്ജുകൾ (Reinstatement Charges) ഉൾപ്പെടെയുള്ള മറ്റു ചാർജ്ജുകൾ എന്നിവ ഒടുക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ.

d) സംസ്ഥാന സർക്കാരിനു കീഴിലുള്ള വകുപ്പുകൾ, അവയുടെ താഴെ തട്ടിലുള്ള ഓഫീസുകൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് / ബാങ്ക് ഗാരൻറ്റി / പെർഫോർമൻസ് ബാങ്ക് ഗാരൻറ്റി (Performance Bank Guarantee) സമർപ്പിക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ.